വായന അറിവിനും ഉണർവിനും

# സാഹിത്യഭൂമി

ആഗസ്റ്റ്, സപ്തംബർ, ഒക്ടോബർ 2020

ത്രൈമാസിക






സ്വരപ്പെടുത്തിയ കർണ്ണാടക
സംഗീത കൃതികൾ

വില: 40/-



വി. വേണുഗോപാലൻ

വളർന്നു വരുന്ന തലമുറയിലെ സംഗീതം പഠിക്കുന്ന കുട്ടികൾക്ക് ഉപയോഗപ്രദവും, വിജ്ഞാനപ്രദവുമാകും വിധം സംഗീത അദ്ധ്യാപകൻ ശ്രീ.വി. വേണുഗോപാലൻ തയ്യാറാക്കിയ പുസ്തകം.

പുസ്തകം വി.പി.പി.ആയി ലഭിക്കുവാൻ
9349574621 എന്ന നമ്പറിലേക്ക് വിളിക്കുക.

പ്രസാധകർ:

**കേരള ബുക്ക് ട്രസ്റ്റ്, കോഴിക്കോട് - 16**

## സാഹിത്യഭൂമിയിൽ രചനകൾ പ്രസിദ്ധീകരിക്കാൻ

എഴുതിയതോ, ടൈപ്പ് ചെയ്തതോ ആയ നോവൽ, കവിത, കഥ, ലേഖനങ്ങൾ, ഓർമ്മക്കുറിപ്പുകൾ, പഠനങ്ങൾ, യാത്രാവിവരണം, വിവർത്തനങ്ങൾ (സൃഷ്ടി വിവർത്തനത്തിന്റെ കോപ്പിറൈറ്റ് എഴുത്തുകാരന് ഉണ്ടായിരിക്കേണ്ടതാണ്) തുടങ്ങിയവകൾ അയക്കാം. സൃഷ്ടികളുടെ തിരഞ്ഞെടുപ്പ് എഡിറ്റോറിയൽ ബോർഡിൽ നിക്ഷിപ്തമാണ്. പോസ്റ്റൽ, വാട്സ് ആപ്പ്, ഇ-മെയിൽ തുടങ്ങിയവയിൽ രചനകൾ ആയക്കാം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല. സൃഷ്ടിക്കൊപ്പം വിലാസവും ഫോട്ടോയും നിർബന്ധമായും ഉണ്ടായിരിക്കണം. രചനകൾ അയക്കേണ്ട വിലാസം: സാഹിത്യഭൂമി, സൂരജ് ബിൽഡിങ്ങ്, മൈലാംപാടി, നെല്ലിക്കോട് പോസ്റ്റ്, കോഴിക്കോട് -673 016, വാട്സ് ആപ്പ് ഫോൺ നമ്പർ: 9349574621.

ഇ-മെയിൽ : sahithyabhoomimagazine@gmail.com

വായന അറിവിനും ഉണർവിനും

# സാഹിത്യഭൂമി

ത്രൈമാസിക

പുസ്തകം 1 ലക്കം 1

ആഗസ്റ്റ്, സപ്തംബർ, ഒക്ടോബർ - 2020

അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നത്

**എഡിറ്റർ**

അഭിജിത്ത് നാരങ്ങാളി

**എഡിറ്റർ-ഇൻ-ചാർജ്**

വിജയൻ കോടഞ്ചേരി

**കോപ്പി എഡിറ്റർ**

പ്രൊഫ: ശ്രീധരൻ പാറയിൽ

**മാനേജർ**

ശ്രീജിത്ത് പി.കെ

**അഡ്മിനിസ്ട്രേഷൻ**

ഷൈബ. എൻ

**മാർക്കറ്റിങ്ങ്**

ബാലൻ കെ.പി.

**പരസ്യം**

ദേവ്

**കറസ്പോണ്ടന്റ്സ്**

സദാശിവൻ കെ.പി. (കേരളം)

സോമൻ സി.കെ (ഡൽഹി)

രാധാകൃഷ്ണൻ ടി.കെ. (ചെന്നൈ)

അർജുൻ. ടി (ബാംഗ്ലൂർ)

ജയ്ജിത്ത്. എൻ (ദുബായ്,യു.എ.ഇ)

**കവർ & ഡിസൈൻ**

എസ്. എൻ. എസ്. ഡിസൈൻ

**ഡി.ടി.പി**

പ്രസന്ന മലാപ്പറമ്പ്

എസ്.എൻ.എസ്.

ഡി.ടി.പി കോഴിക്കോട്.

## ഈ കാലവും കടന്നുപോകും

**കോ**വിഡ് കാലം മറ്റേതൊരു പ്രവർത്തന മേഖലയേയും എന്നപോലെ പ്രസാധന മേഖലയേയും ഏറെ ദോഷകരമായി ബാധിച്ചിരിക്കുന്നു. ഒട്ടുമിക്ക ആനുകാലികങ്ങളുടെയും വില്പന കുത്തനെ ഇടിഞ്ഞിരിക്കുന്നു. അതിനാൽ അവയുടെ കോപ്പികളുടെ എണ്ണം ഗണ്യമായി കുറയ്ക്കാൻ പ്രസിദ്ധീകരണക്കാർ പ്രേരിപ്പിക്കപ്പെടുന്നു. ചില ആനുകാലികങ്ങൾ ഓൺലൈനിൽ മാത്രമായി ഒതുങ്ങിപ്പോയി. പുസ്തക പ്രസാധന മേഖലയുടെ സ്ഥിതി ഇതിലേറെ ദയനീയമാണ്. അച്ചടിച്ച പുസ്തകങ്ങൾ വിൽക്കാൻ കഴിയുന്നില്ല. തൊഴിലാളികളുടെ ശംബളമോ ഷോപ്പുകളുടെ വാടകയോ കൊടുക്കാൻ കഴിയുന്നില്ല. പല പുസ്തക പ്രസാധന ശാലകളും അടച്ചുപൂട്ടലിന്റെ വക്കിലാണ്. ചിലർ തൊഴിലാളികളെ പിരിച്ചു വിടുന്നു. ചിലരുടെ ശംബളം ഗണ്യമായി കുറയ്ക്കപ്പെടുന്നു. വൻകിട പ്രസാധകരുടെ സ്ഥിതിയും ഏറെ വ്യത്യസ്തമല്ല. പല ബ്രാഞ്ചുകളും അടച്ചു പൂട്ടപ്പെടുന്നു. പുസ്തകങ്ങളുടെ എണ്ണവും കോപ്പികളുടെ എണ്ണവും ഗണ്യമായി കുറയ്ക്കാൻ നിർബന്ധിക്കപ്പെടുന്നു.

ഈ പ്രതിസന്ധികളെ അതിജീവിക്കാൻ ശ്രമിക്കുകയാണ് കേരളത്തിലെ ചില പ്രസാധക സംരംഭങ്ങൾ. കേരള ബുക്ക് ട്രസ്റ്റും ഇക്കൂട്ടത്തിലുണ്ട്. ഈ ദുരിതകാലത്തിലും ഏതാനും നല്ല പുസ്തകങ്ങളെ വായനക്കാരിലെത്തിക്കാൻ കേരള ബുക്ക് ട്രസ്റ്റിന് കഴിഞ്ഞിട്ടുണ്ട് എന്ന് അഭിമാനത്തോടെ അറിയിക്കട്ടെ. പേജിന്റെ എണ്ണത്തിലും വലുപ്പത്തിലും വ്യത്യാസം വന്നെങ്കിലും കുറച്ചുകാലമായി സാങ്കേതിക കാരണങ്ങളാൽ മുടങ്ങിപ്പോയ സാഹിത്യഭൂമി ത്രൈ മാസികയെ വായനക്കാരിലെത്തിക്കാൻ കഴിയുന്നതിന്റെ ആഹ്ളാദം വായനക്കാരുമായി പങ്കുവെയ്ക്കുകയാണ്. ഈ ദുരിതകാലവും കടന്നുപോകും എന്നതിന്റെ സൂചനയായി ഈ സംരംഭത്തെ കാണുക.

*സസ്നേഹം,*

വിജയൻ കോടഞ്ചേരി

പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല. പ്രസിദ്ധീകരണ യോഗ്യമെങ്കിൽ രചനകൾ ലഭിച്ച് ഒരു മാസത്തിനകം എഴുത്തുകാരെ വിവരം അറിയിക്കുന്നതാണ്. പ്രസിദ്ധീകരണം സംബന്ധിച്ച വിവരങ്ങൾ ഫോണിലൂടെ ലഭിക്കുന്നതല്ല.

സാഹിത്യഭൂമിയുടെ വരിക്കാരാവാൻ SB<space> Your name <space> address എന്നിവ ടൈപ്പ് ചെയ്ത് **9349574621** എന്ന നമ്പറിലേക്ക് SMS ചെയ്യുക.

Regd. Office : Suraj Building, Mylampadi, Nellicode Post, Kozhikode - 673 016 Ph : 8113067791, 9349574621

E-mail:sahithyabhoomi@yahoo.com,
Facebook : facebook/sahithyabhoomi



മിനിക്കഥ

# പ്രതീക്ഷ

ടി.ടി. ഇസ്മയിൽ

ഏറെ പ്രതീക്ഷയോടെയായിരുന്നു പ്രവാസി ജീവിതം അവസാനിപ്പിച്ച് അയാൾ നാട്ടിൽ തിരിച്ചെത്തിയത്. ബന്ധുക്കളുടെ സ്നേഹമസൃണമായ സാന്നിധ്യം പ്രതീക്ഷിച്ച് കൂടണഞ്ഞ അയാൾക്ക് മുന്നിൽ വാതിലുകൾ കെട്ടിയടക്കപ്പെട്ടു. തുറക്കാത്ത വാതിലിലേക്ക് നോക്കി തുളുമ്പുന്ന മിഴികളുമായി കുറേനേരം അയാൾ നിന്നു.

നിരാശനായ അയാളുടെ ഉയിരറ്റ ദേഹം അടുത്തുള്ള മരക്കൊമ്പിൽ തൂങ്ങി നിന്നു. ■



കവിത

# തെറ്റാത്ത കണക്ക്

പി.എൽ. ശ്രീധരൻ പാറോക്കോട്

കരുതുന്നു, വാരി
നിറക്കുവാ, നെന്നാൽ
കരുതാനേരത്തു
കണക്കും തെറ്റുന്നു! ■



കവിത

# ജീവിച്ചു തീർക്കാം

മുണ്ട്യാടി ദാമോദരൻ

'വാട്സാപി, ലെഫ്ബിയി'ലായ്
ചുരുങ്ങി
ജീവിതവട്ടം കൊറോണക്കാലം
കേൾക്കാൻ മറുപടി ചൊല്ലുവാനായ്
കയ്യിലെണ്ണാവുന്നോർ
ഫോണിയുണ്ടായ്
വീട്ടിലറസ്റ്റിലാണെന്നപോലെ
കൂടുകയല്ലോ പുതിയകാലം!
തീരെ ചെറിയ വട്ടത്തിൽ നോക്കി
നേരമ്പോക്കായ മൊബൈലിലിപ്പോൾ
പാരമധികം തുടർന്നു നോക്കാൻ
പാടില്ലെന്നുള്ള വിധി വരുന്നു?
ജീവിതമെത്ര ചുരുങ്ങിയാലും
ജീവിച്ചു തീർക്കുക തന്നെ നല്ലൂ. ■

# വനഗീതം

കവിത

ജ്യോതി അനൂപ്

ചൊരിയുന്നെന്നിൽ പൃഥ്വിയും
വാനവും വാരിയുമൊന്നായ്
പ്രണയം....!
തഴുകുന്നൂ സൂര്യാങ്കിത
ശോഭയാലാർദ്രം
ഊഷ്മളം വശ്യം സാന്ദ്രമധുരം
മനോമയം വനഗീതം...!!!
അനാദിയിലുതിരും നാദം
രൗദ്രം ശാന്തം സൗമ്യം ദീപ്തം!
നിഗൂഢ ഗാഭീര്യമിതഘോര നാദം
വനഗീതം...
അനശ്വര കണ്ഠ നിനാദം ■

# കൊറോണ

ശശീന്ദ്രനാഥ് കോടമ്പുഴ



കത്തിക്കരിഞ്ഞതും പാതിവെന്തതും
വെന്തുവെണ്ണീരായതുമായ
മൃതദേഹകൂമ്പാരങ്ങൾക്കിടയിൽ
ചുടലക്കണ്ണൻ തളർന്നിരുന്നു.
ചുറ്റും കനത്ത പുകയും ഇരുട്ടും
മാത്രം അസ്ഥികൾ പൊട്ടിത്തകരുന്ന
ശബ്ദംപോലും ഇപ്പോൾ
നിലച്ചിരിക്കുന്നു.....
തീഷ്ണതയാർന്ന കണ്ണുകളിലും
കനത്തമീശക്കടിയിലും പരമാവധി
സൗമ്യത വരുത്തി കാലൻ പറഞ്ഞു
ഇനിയീകാത്തിരിപ്പിനർത്ഥമില്ല കണ്ണാ
നീ മാത്രം ഒരേയൊരാൾ ഇവിടെ
ബാക്കിതയ്യാറായിക്കൊള്ളുക
നമുക്ക് ഒരുമിച്ച് മടങ്ങാൻ
സമയമായി
സന്തോഷത്താൽ വൃദ്ധന്റെ കണ്ണുകൾ
നിറഞ്ഞു കാലം കറുപ്പിച്ച തന്നോളം
വന്ന ഉരുളൻ ഊന്നുവടി കത്തുന്ന
ചിതയിലേക്ക് എറിഞ്ഞ് അയാൾ
കാലന് മുന്നിൽ നീണ്ടു
നിവർന്നു കിടന്നു. ■

---

കവിതകൾ



# പ്രവാഹിനി

മന്ദ്യത്ത് ഭരതൻ കുഞ്ഞിമംഗലം

ഹേ, പ്രണയമേ...!
കൊതിതീരാത്ത
സ്നേഹത്തിന്റെ
നിലയ്ക്കാത്ത
പ്രവാഹം പോലെ..
കളകളാരവം
മുഴുക്കിഴൊഴുകട്ടെ
നീയെന്നിലെന്നും.!! ■



# മിന്നൽക്കവിത

കെ.എൻ. സുരേഷ് കുമാർ


നടുറോഡിൽ,
തലയുടച്ചി-
ട്ടിളിയ്ക്കുന്നൊരാൾ...

ചോര ചീറ്റിപ്പോയ്
കാലവണ്ടി
പാഞ്ഞെത്തി
വീട്ടുമാളത്തി-
ലൊളിച്ചു ഞാൻ 'സാക്ഷി' ■

# പുസ്തകക്കുറിപ്പുകൾ




**ഭാഷയുടെ നേർവഴി**
പഠനം
വിജയൻ കല്ലട
വില: 60/-
പ്രസാധകർ
കേരള ബുക്ക് ട്രസ്റ്റ്



**ദിശാസൂചി**
കവിതകൾ
രാജേഷ് കുരുമാട്ടൂർ
വില: 65/-
പ്രസാധകർ
കേരള ബുക്ക് ട്രസ്റ്റ്



**ദിനാചരണ പ്രഭാഷണങ്ങൾ**
പഠനം
വിജയൻ കല്ലട
വില: 130/-
പ്രസാധകർ
കേരള ബുക്ക് ട്രസ്റ്റ്




**ഗീതാഞ്ചലി**
**രബീന്ദ്രനാഥ ടാഗോർ**
വിവർത്തനം
(ഡോ.പി.കെ. ചന്ദ്രൻ)
വില: 60/-
പ്രസാധകർ
കേരള ബുക്ക് ട്രസ്റ്റ്



**നങ്ങ്യാർപാടം**
കവിതകൾ
ബാലകൃഷ്ണൻ നന്മണ്ട
വില: 65/-
പ്രസാധകർ
കേരള ബുക്ക് ട്രസ്റ്റ്




**ബുദ്ധായനം തീരുന്നില്ല**
കവിതകൾ
ഗോപാൽഷാങ്
വില: 120/-
പ്രസാധകർ
കേരള ബുക്ക് ട്രസ്റ്റ്



**അറബിക്കടലിനക്കരെ**
നോവൽ
എ.ബി.ആർ മാറഞ്ചേരി
വില: 80/-
പ്രസാധകർ
കേരള ബുക്ക് ട്രസ്റ്റ്



**ചന്ദനക്കാവ്**
നോവൽ
ആർ. ആർ. വിജയൻ
വില: 90/-
പ്രസാധകർ
കേരള ബുക്ക് ട്രസ്റ്റ്



**മനഃസാക്ഷി**
നോവൽ
സരസമ്മ വെള്ളത്തൂവൽ
വില: 180/-
പ്രസാധകർ
കേരള ബുക്ക് ട്രസ്റ്റ്



**ഓടക്കഥകൾ**
ബാലസാഹിത്യം
ചാളക്കാട് മിത്ര
വില: 100/-
പ്രസാധകർ
കേരള ബുക്ക് ട്രസ്റ്റ്

പ്രസാധകരുടെയും എഴുത്തുകാരുടെയും ശ്രദ്ധയ്ക്ക് : നിങ്ങളുടെ പുസ്തകങ്ങൾ 'പുസ്തകക്കുറിപ്പുകൾ' എന്ന പംക്തിയിൽ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവയുടെ ഒരു കോപ്പി 'സാഹിത്യഭൂമി'യിലേക്ക് അയക്കുക.



കഥ

# അശ്വതി

## ടി. ഹസ്സൻ

നഗരത്തിലെ ഇരുപത് നില ഫ്ളാറ്റിന്റെ പതിമൂന്നാം നിലയിൽ കടൽക്കാഴ്ച കണ്ട് അശ്വതി ജനലഴികളിൽ അമർന്ന് നിന്നു. ബിജുസേവിയർ നല്ല ഉറക്കത്തിലാണ്. ഭക്ഷണവും ടി. വി. കാഴ്ചകളുമായി അവർ ഈ ഫ്ളാറ്റിൽ ദിവസങ്ങൾ തള്ളി നീക്കാൻ തുടങ്ങിയിട്ട് ആറുമാസത്തോളമായി.

കരയും കടലും മൂടിയ വെള്ളിക്കിണ്ണം പോലെ ആകാശത്തിനെ അവർക്കു തോന്നി. എന്നും ആകാശത്തിലൂടെ സഞ്ചരിച്ച് കടലിൽ വീണ് എരിഞ്ഞടങ്ങുന്ന സൂര്യൻ അവൾക്കൊരു സങ്കടക്കാഴ്ചയായി. പ്രഭാതഭക്ഷണം കോളിംഗ്ബെല്ലിനു അവൾ ചെവിയോർത്തു. ക്ലോക്കിൽ നോക്കിയപ്പോൾ ഇനിയും സമയമുണ്ട്. ഇന്ന് ബിജുവേട്ടനെ നോക്കാൻ ഡോക്ടർ വരുന്ന ദിവസം കൂടിയാണ്. കഴിഞ്ഞവർഷം വരെ ആർഭാടമായി നടന്ന തന്റെ പിറന്നാൾ ദിനമാണിന്നെന്നും അവളോർത്തു. ഏട്ടനെ മന:പൂർവ്വം ഓർമ്മിപ്പിക്കാതിരുന്നതാണ്. അനങ്ങാൻ കഴിയാതെ കിടക്കുന്ന ഏട്ടനറിഞ്ഞാൽ വെറുതെ വേദനിക്കും. ഒന്നും വേണ്ടെന്നവൾ തീരുമാനിച്ചു. അവളുടെ ദൃഷ്ടി ഇരച്ചുപായുന്ന വാഹനങ്ങളെ വഹിച്ച് മലർന്ന് നെടുനീളെക്കിടക്കുന്ന ടാറിട്ട റോഡും പട്ടണവും കടലുമൊക്കെക്കടന്ന് ദൂരെ ദൂരേക്ക് പറന്നകന്നു. അമ്മയും പപ്പയും കുഞ്ഞനുജനുമൊക്കെ ചേർന്ന് വിശാലമായ പറമ്പിന് നടുവിലുള്ള വീട്ടിലേക്ക് പാഞ്ഞുപോയി. ഇടക്കിടെ നാട്ടിൽ വന്നു പോകുന്ന പപ്പ വിദേശത്ത് ബിസിനസ്സുകാരനാണ്. അസാമാന്യ സൗകര്യങ്ങളുള്ള വീട് ടാറു ചെയ്ത മുറ്റം പോർച്ചിൽ ഔഡിയും ഹോണ്ടസിറ്റിയം കാറുകൾ, വീട്ടുവേലക്കാർ, ഡ്രൈവർ, ഗേറ്റിൽ യൂണിഫോറമിട്ട സെക്യൂരിറ്റിക്കാരൻ. പറമ്പിലാകെ ദേശവിദേശത്തു നിന്നുമെത്തിയ മുന്തിയയിനം മരങ്ങൾ. വിവിധയിനം പൂക്കളെക്കൊണ്ട് സമൃദ്ധമായ ഗാർഡൻ. ഒന്നിനും ഒരു കുറവുമില്ല.

അശ്വതി ഡൽഹിയിലാണ് പഠിച്ചത്. എഞ്ചിനിയറിംഗ് പഠനത്തിന്റെ അവസാന സെമസ്റ്റർ. ബിജുസേവ്യറിനെ പരിചയപ്പെടുന്നത് ഒരു സെമിനാറിൽ ഭാവവതാരകനായി കോളേജിലെത്തിയപ്പോഴാണ്. അശ്വതിയായിരുന്നു സ്വാഗത ഭാഷക. പരിചയം വളർന്നു പിരിയാത്ത ബന്ധങ്ങളായി ചുരുങ്ങിയ

കാലത്തിനുള്ളിൽ. ഒടുവിൽ ബിജു ജീവിതത്തിലേക്ക് കയറി വരാൻ തീരുമാനിച്ചപ്പോൾ വീട്ടുകാരുടെ സമ്മതമുണ്ടായില്ല. പിന്നെ റജിസ്റ്റർ വിവാഹം. കൊച്ചിയിലെ ഫ്ളാറ്റിൽ ഒറ്റക്കുള്ള താമസം. അതിനിടയിലാണ് ബിജുവിനൊരു വാഹനാപകടം. കാര്യമായ കുടുംബബന്ധങ്ങളില്ലാത്തതായിരുന്നു അവന്റെ പശ്ചാത്തലം. വല്ലാത്ത ഏകാന്തതയിലേക്ക് വലിച്ചെറിയപ്പെട്ട നാളുകൾ

"ഐശ്വര്യത്തിന്റെ കൊടുമുടിയിൽ ജീവിച്ചവളാണ് നീ. എല്ലാം ഇട്ടെറിഞ്ഞു പോകുമ്പോൾ പിടിച്ചു നിൽക്കാൻ നീ ബുദ്ധിമുട്ടും." അമ്മയുടെ വാക്കുകളാണ്. ശരിയാണെന്ന് പിന്നീട് തോന്നിയിട്ടുണ്ട്. പക്ഷെ തന്റെ തീരുമാനത്തിലൊരിക്കലും പശ്ചാത്താപം തോന്നിയിട്ടില്ല. ജീവിതം അങ്ങിനെയല്ലെ. സുഖവും ദുഃഖവുമൊക്കെ സമ്മിശ്രം. എല്ലാറ്റിനേയും അതിജീവിക്കാനുള്ള ആത്മധൈര്യമുണ്ട്. അതു മതി. വെറുക്കുന്നവർ ഒരു നാൾ മനസ്സിലാക്കുമെന്ന വിശ്വാസമുണ്ട്. അവൾ ഓരോന്നോർത്ത് നെടുവീർപ്പിട്ടു.

കോളിംഗ് ബെല്ലിന്റെ ശബ്ദം കേട്ടപ്പോൾ ബിജുവേട്ടൻ കിടപ്പിൽ നിന്നും വിളിക്കുന്നുണ്ടായിരുന്നു. ഡോർ തുറന്നപ്പോൾ ഒരു പാർസൽ ബോക്സുമായി ചെറുപ്പക്കാരൻ വന്നു നിൽക്കുന്നു.

"ഇത് അശ്വതി സേവ്യറിന്റെ..."

"അതെ."

"ഒരു പാർസലുണ്ട്." അവൾ കൈ നീട്ടി. അയാൾ നീട്ടിപ്പിടിച്ച പേപ്പറിൽ ഒപ്പിട്ടു കൊടുത്തു അഡ്രസ്സെഴുതിയതിനു മുകളിൽ അമ്മയുടെ ഒരു ടാഗുണ്ട്.

"ഹാപ്പി ബർത്ത്ഡേ... മോളു."

അമ്മയടുത്തു നിൽക്കുന്നതുപോലെ. അവളുടെ കണ്ണുകൾ കലങ്ങി. കവിളുകൾ ചുമന്നു.

"ഏട്ടാ അമ്മയുടെ ഒരു പാർസൽ."

"നീ സ്വീകരിച്ചോ. നിന്റമ്മയല്ലെ."

"എന്റെ അമ്മ. ഞാനോർക്കാത്ത ജന്മദിനമോർത്തു വെച്ചല്ലോ... അതു മതിയെനിക്ക്."

"തുറന്നു നോക്ക്."

അവൾ തുറന്നുനോക്കി. അലങ്കരിച്ച വലിയയൊരു ബർത്ത്ഡേ കേക്ക്. കേക്കിലെ പൂക്കൾക്കിടയിൽ ഹാപ്പി ബർത്ത്ഡേ അശ്വതി എന്നെഴുതിയിരിക്കുന്നു. കണ്ണുനീർ കേക്കിലേക്ക് ഇറ്റി വീഴാതിരിക്കാൻ അവൾ ഇരുകൈകളും കൊണ്ട് കണ്ണുപൊത്തി. വിതുമ്പലടക്കാൻ കഴിയാതെ കസേരയിലേക്ക് ചാഞ്ഞു. ■






## കുയിൽപ്പാട്ടുകൾ

ജീവിത പരിസരങ്ങളിൽ കണ്ടുമുട്ടുന്ന ബിംബങ്ങളെ കാവ്യഭാഷയിലേക്ക് പരാവർത്തനം ചെയ്യുന്ന ഗ്രന്ഥം

വില : 70/- രൂപ

പ്രസാധകർ:
കേരള ബുക്ക് ട്രസ്റ്റ്, കോഴിക്കോട് - 16

കവിത



# പദവിളക്ക്

ഉമാ രാജീവൻ

രാത്രി
അച്ഛന്റെ അടയാളം
ഒരു ടോർച്ചായിമാറും
ഇരിക്കുമ്പോൾ വലംകയ്യ്
നടക്കുമ്പോൾ മൂന്നാംകണ്ണ്
കിടക്കുമ്പോൾ വിശ്വാസം.
കറന്റുണ്ടെങ്കിലും
ടോർച്ചിന്റെ ബലത്തിൽ
അച്ഛൻ കൂടുതൽ വെളിച്ചപ്പെടും
ആ വെളിച്ചത്തിൽ
ശ്ളോകച്ചെല്ലം തുറന്ന്
പാക്കടയ്ക്ക മൊരികളഞ്ഞ്
പാകത്തിൽ വെട്ടിനുറുക്കിയതും
കൂട്ടി
തളിർവെറ്റില
സ്നേഹം തേച്ചുതരും
വികെജിയും പ്രേംജിയും
കെഎൻഡിയും
ഒപ്പം മുറുക്കാനിരിക്കും
ഗാന്ധിയും നെഹ്രുവും
ഇഎംഎസും
തിരക്കിനിടയിലും
പറയാനുള്ളത് പറഞ്ഞുപോകും
വിടി വിടർന്നു ചിരിച്ച്
ഇരുട്ടിനെ ഭേദിക്കും
ഈച്ചരവാരിയർ
മകനെയും കൂട്ടിവരും
അവർ പറഞ്ഞതൊക്കെ
മനസ്സിലായതിനാലാവണം.
ഉറങ്ങുന്നതിനു മുൻപ്
അദ്ദേഹം ഒറ്റയ്ക്കിരുന്ന്
ഒന്നുകൂടി മുറുക്കും
അന്ന്
ഒരു വേനൽക്കാല രാത്രി
പതിവുതെറ്റിച്ച്
അച്ഛൻ
ടോർച്ചെടുക്കാതെ
പുറത്തിറങ്ങി

■

മിനിക്കഥ



# തിളക്കം


റോയ് കാരാത്ര

അവളുടെ കണ്ണുകളിലെ തിളക്കം തന്നെ സ്നേഹത്തോടെ നോക്കുന്നതുപോലെ അയാൾക്കുതോന്നി. പച്ചക്കറിക്കടയിലെ ഇഷ്ടസാധനങ്ങൾ വാങ്ങി മോട്ടോർ സൈക്കിളിനടുത്തേക്ക് നടക്കുമ്പോഴും ആ കണ്ണിലെ തിളക്കം മനസ്സിൽ വിടാതെ നിന്നു. കീശയിൽ കരുതിയ തുണിയഞ്ചി യിൽ സാധനങ്ങളിട്ട് വണ്ടിയിൽ കയറി യിരിക്കുമ്പോൾ അവർ അരികിൽ വന്നു. കണ്ണിലെ തിളക്കം അപ്പോൾ അഗ്നിയായി തോന്നി.

അയാൾ ഭാര്യയോട് പറഞ്ഞു. ''മാസ്ക് വന്നപ്പോൾ നിന്റെ കണ്ണുകൾക്ക് തിളക്കം കൂടിയിട്ടുണ്ട്.''

■

# ശിവജ്ഞാനാമൃതം




വില : 130/-

ശിവൻ പരിശുദ്ധമായ ദിവ്യമായ പ്രകാശമാണ്. അത്യുത്കൃഷ്ടമായ-ദിവ്യമായ ഊർജ്ജമാണ്. അതു ലിംഗരൂപത്തിൽ പ്രവർത്തിക്കുന്നു. കോടാനുകോടി ജ്യോതിർഗോള ങ്ങളടങ്ങിയ ഈ സൗരയൂഥം ലിംഗാകൃതിയിലാണെന്ന് ശാസ്ത്ര ജ്ഞന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. ദിവ്യമായ ഊർജ്ജം ശിവലിംഗത്തിൽ നിന്ന് പ്രസരിക്കുന്നു. സൃഷ്ടിചക്രം ശിവതാണ്ഡവതാളത്തിനനുസരിച്ച് തിരിയുന്നു, സങ്കോചിക്കുന്നു, വികസിക്കുന്നു. നാദബ്രഹ്മമായ പ്രപഞ്ച സൃഷ്ടിയെ ലേഖിക വീണ്ടും പ്രണവമാഹാത്മ്യത്തിൽ സവിസ്തരം പ്രതിപാദിക്കുന്ന പുസ്തകം.



രാധാമണി തമ്പുരാട്ടി

കോപ്പികൾക്ക് വിളിക്കുക:
9349574621

കേരള ബുക്ക് ട്രസ്റ്റ്


**കവിതകൾ**



## നിയോഗം

### സവിത ദാസ്

വന്നതും നിന്നതും
പോയതുമെല്ലാത്തിനും
വിധിയെപ്പഴിക്കാതെ
ഇഷ്ടയോഗം പണിയേണ-
മെല്ലാരും, കഷ്ടപ്പെട്ട്
ഇഷ്ടം കൂടാതെ
ഇഷ്ടത്തോടെ
പുലരേണമെന്നും

■




## ദിശയറിയാതെ അലയുന്നവർ

### അശ്വതി വാരിയർ

കെട്ടുകെട്ടിയിട്ടുണ്ടൊട്ടു താഴെയീ
പട്ടമാം ഞാനോ പാരിൽ
പറക്കണം
ഏതു ദിക്കെന്നറിവില്ലെനിക്കയ്യോ
പൈതലും പറവാനായ്
പറയുന്നു
വിണ്ണിലെന്നെ വഹിക്കുവാൻ
മാരുതൻ വന്നണഞ്ഞല്ലോ
വൈഷമ്യമില്ലാതെ
ദിശയതെങ്ങോട്ടു
വശമില്ലെനിക്കെന്നാൽ
അഭയമനിലനേയാനന്ദ
ദായകൻ

■

കവിത




# ഇരുളും വഴിയിൽ

## സ്മിത സ്റ്റാൻലി

കാലം മറച്ചതല്ല കഥകൾ
ചിലവ അണിയറകളിൽ
സ്വയം ഒളിച്ചതാണ്.
ഇടക്ക് ഒന്ന് പുറംലോകം
നോക്കി എന്ന് മാത്രം
അന്തിക്ക് പൂത്തതല്ല
അഭിനിവേശങ്ങൾ
ഇരുളിന് മുൻപേ തന്നെ
ഇതളായ് മുളയിട്ടതാണ്
ഞരമ്പുകളിൽ ഒരു തീപ്പൊരി
തെളിഞ്ഞെന്ന് മാത്രം
മരുപ്പച്ച തേടിയതല്ല പലരും
ഈ മരുഭൂമിയിൽ സ്വയം
ഒതുങ്ങിയതാണ് പലവട്ടം
ഇനിയും നാം നമ്മെ അറിയുമോ
അതോ അഭിനയം തുടരുമോ? ■


**മുത്തുമണികൾ**



കുട്ടികൾക്ക്
വേണ്ടി സുവർണ്ണ
എന്ന കുട്ടി
എഴുതിയ കൃതി
വില : 60/- രൂപ



പ്രസാധകർ:
കേരള ബുക്ക് ട്രസ്റ്റ്, കോഴിക്കോട് - 16

**എഴുത്തുകാരുടെ ശ്രദ്ധയ്ക്ക്...**

താങ്കളുടെ സൃഷ്ടി നാമമാത്രമായ
തുകയ്ക്ക് പ്രസിദ്ധീകരിക്കുവാൻ
ആഗ്രഹിക്കുന്നുണ്ടോ ?

പുസ്തക പ്രസാധന വിതരണ രംഗത്ത്
സജീവസാന്നിദ്ധ്യമായ **കേരള ബുക്ക്** ട്രസ്റ്റ്
പ്രസാധനച്ചെലവിന്റെ പകുതി തുകയ്ക്ക്
നിങ്ങളുടെ സൃഷ്ടികൾ പ്രസിദ്ധീകരിച്ച്
ഒരു വർഷം കൊണ്ട് വിൽപ്പന
നടത്തിത്തരുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.


KBT


**കേരള ബുക്ക് ട്രസ്റ്റ്**
സൂരജ് ബിൽഡിങ്ങ്
നെല്ലിക്കോട് പോസ്റ്റ്
കോഴിക്കോട് - 673016

മൊബൈൽ : **9349574621**
E-mail:keralabooktrust@gmail.com

**www.keralabooktrust.com**
**www.keralabooktrust.org**
**Malayalam writers page**

സന്ദർശിക്കുക :
മലയാളത്തിലെ
എഴുത്തുകാരുടെ ആദ്യ
വെബ് ഡയറക്ടറി





# മരിക്കാത്ത ഞാൻ



**ജിഷ. കെ**

ദിനംപ്രതി മരിച്ചു വീഴാൻ
എന്നിൽ ഒരാൾക്കൂട്ടം
കാണുന്നു ഞാൻ
അവരുടെ യുദ്ധസന്നാഹങ്ങളും
പടക്കോപ്പുകളും
എന്റെ വിരലുകൾ
മുറിച്ചു കൊണ്ടു കടന്നു
പോകുന്നു.
നിശ്ശബ്ദതയെ
ശവക്കല്ലറയായി
മോടിപിടിപ്പിക്കണമെന്ന്
ഞാൻ ചിന്തിച്ചു തുടങ്ങുന്നു
തിളങ്ങുന്ന കല്ലുകൾ
മൃദുലമായ പട്ടുകൾ
അതിന് മീതെ
വിരിച്ചിടുകയാണ്
ചെരിഞ്ഞു തുടങ്ങുന്ന
കോട്ടകൾ
രാജസദസ്സുകൾ
ഞാൻ നൃത്തങ്ങളുടെ
ചിത്രങ്ങൾ
ഓരോന്നായി
തുന്നിപ്പിടിപ്പിക്കുന്ന
വ്യഗ്രതയിൽ
അണയാത്ത അന്തപ്പുര
വിളക്കുകളിൽ
കരിഞ്ഞു പറ്റിയ കറുത്ത
മെഴുക്കു കൊണ്ട്
ഒരു തീനാളം
ഞാൻ വരച്ചു ചേർക്കുന്നു.
എന്റെ ദേഹം അനങ്ങി
തുടങ്ങുമ്പോൾ
ആദ്യമരണം
സംഭവിച്ചിരിക്കും
എനിക്കതിലേക്ക് അനക്കമല്ലാതെ
മറ്റൊന്നും കൂട്ടി
ചേർക്കാനുണ്ടാവില്ല.
നിവർന്നു കിടക്കും
നിശ്ശബ്ദത വെളുത്ത
നിറത്തിൽ
എനിക്ക് താഴേക്കു
സഞ്ചരിക്കാനുള്ള
ദൃഷ്ടികൾ
ഇല്ലാത്തതുകൊണ്ട്
എന്റെ ദേഹം മുഴുവൻ
കരിമ്പടം പുതച്ച
ജനതയെപ്പോലെ
ഇരുളിലേക്ക് ഓടി മറയുന്നു.
ജീവനുള്ള ഞാൻ
അവർക്ക് പിറകെയും
വാരിയെല്ലുകൾക്കിടയിൽ
കലാപം ഉണ്ടാക്കുന്നവർ
തെരുവ് മുഴുവൻ
ഓടി നടക്കുന്നത്
ഞാൻ കാണുന്നു
ഉന്മാദത്തിന്റെ
ഉരുകി ഒഴിപ്പിൽ
അസ്ഥിയിലെ
സംഗീതം കേട്ടു തുടങ്ങുന്നു
ഒരുപറ്റം ആളുകൾ
പടയിൽ പൊരുതി
വീണത് പോലെ
മരിച്ചു തുടങ്ങുകയായി
യുദ്ധഭൂമിയിൽ
കബന്ധങ്ങൾക്കിടയിൽ
മുഖമറ്റ
എന്റെ ജനതയെ
ചേർത്തു തുടങ്ങുകയാണ്
ചുവപ്പിന്റെ പുള്ളിക്കുത്തുകൾ വീണ
നിശ്ശബ്ദതയുടെ
ആറടി ആഴം
ഞാൻ
അവർക്ക് മാത്രം
മാറ്റിവെച്ചിരിക്കുന്നു
മരിക്കാത്ത എന്റെ
ദേഹം
കുഴിവെട്ടുകാർക്ക്
ഏൽപ്പിച്ചു കൊടുക്കുന്നു. ■



# ഭാരം

രാജീവ് ജി ഇടവ

കുർബാനയ്ക്കു ശേഷമുള്ള പ്രഭാഷണത്തിനിടയിലാണ് ഫാദർ ഇങ്ങനെ പറഞ്ഞത്.

''കുഞ്ഞാടുകളെ, ജീവിതമെന്നത് വളരെ ലാഘവത്തോടെ മുന്നേറേണ്ടൊരു പ്രക്രിയയാണ്. ഈ തിരുസന്നിധിയിൽ നിങ്ങൾ സ്വന്തം ഭാരം ഇറക്കി വയ്ക്കുക. കർത്താവ് നിങ്ങളെ കൈവെടിയില്ല''

ആമേൻ പറഞ്ഞ് നിശ്ശബ്ദമായ സഭയിൽ നിന്നൊരാൾ പൊടുന്നനെയാണ് എഴുന്നേറ്റ് പറഞ്ഞത്.

''ആരും ചുമക്കില്ല ഫാദറേ ഈ ഭാരം. ഒരു കർത്താവും വരില്ല. ഫാദറിന് ഈ വിധമൊക്കെ പറയാം. കാരണം ഭാര്യയും കുടുംബവുമൊന്നുമില്ലല്ലോ. ആ ളോഹ ഊരിവെച്ച് ഒന്ന് ഇറങ്ങി വന്ന് നോക്കൂ. അപ്പോൾ അറിയാം ഭാരമെന്തെന്ന്....'' ■

---

കഥ



# ശരറാന്തൽ

ശ്രീനി ബാലുശ്ശേരി

ശരറാന്തലുമായി ഡയോജനിസ് വീണ്ടും തെരുവിലേക്കിറങ്ങി. അയ്യരും നായരും തിയ്യനും ചെറുമനും പറയനും തട്ടാനും നസ്രാണിയും സുന്നിയും മുജാഹിദും ജൂതനും ജൈനനും പാർസിയും വഴിനീളെ ചോദിച്ചു:

“ഈ നട്ടുച്ച വെളിച്ചത്തിലും വിളക്കുംകൊളുത്തി അങ്ങാരെയാണ് തിരയുന്നത്?”

“എന്റെ മകനെ കാണാനില്ല”

“ഓഹോ എന്താണവന്റെ പേര്?”

“മനുഷ്യൻ”

“ഇല്ല. ഞങ്ങൾക്കറിയില്ല”

നഷ്ടപുത്രനെത്തേടി ഡയോജനിസ് മുന്നോട്ടു നടന്നു. ■



ലേഖനം

**ഇബ്രാഹിം ചെർക്കള**

# കോവിഡ് കാലത്തെപ്രവാസ ജീവിതക്കാഴ്ചകൾ

പ്രകൃതി ദുരന്തങ്ങളും മഹാവ്യാധികളും ജീവിതവ്യവസ്ഥകളിൽ അപ്രതീക്ഷിതമായ മാറ്റങ്ങൾ വരുത്തുന്നു. പുതിയ കാലത്തെ കോവിഡ്-19 എന്ന പകർച്ചവ്യാധി ലോകത്ത് സൃഷ്ടിക്കുന്ന അനിശ്ചിതത്വവും ആഘാതവും വളരെ വലുതാണ്. മനുഷ്യനോളം തന്നെ പഴക്കമുണ്ട് മനു്ഷ്യനെ ബാധിക്കുന്ന രോഗങ്ങൾക്കും പ്രകൃതിദുരന്തങ്ങൾക്കും. ഇവ രണ്ടും എന്നും മനുഷ്യനെ ഏറെ ഭയപ്പെടുത്തുകയും ആശങ്കാകുലരാക്കുകയും ചെയ്യുന്ന പ്രതിഭാസങ്ങളുമാണ്. നാം നേടിയെന്ന് അവകാശപ്പെടുന്ന ശാസ്ത്ര-സാങ്കേതികരംഗങ്ങളിലെ പുരോഗതിക്ക് പെട്ടെന്ന് പൊട്ടിപ്പുറപ്പെടുന്ന, അപ്രതീക്ഷിതമായ വെല്ലുവിളികൾ ഉയർത്തുന്ന പ്രതിഭാസങ്ങളായ രോഗങ്ങളെ പൂർണമായും ഇല്ലാതാക്കാനോ, പ്രകൃതി ദുരന്തങ്ങളെ തടയാനോ സാധിക്കുന്നില്ല. മാത്രമല്ല, പുതിയ പുതിയ പകർച്ചവ്യാധികൾ ഉത്ഭവിക്കുന്നതായും പ്രകൃതിദുരന്തങ്ങളുടെ ആവർത്തനം വർദ്ധിക്കുന്നതായും അവയുടെ സ്വഭാവം വൈവിധ്യവൽക്കരിക്കപ്പെടുന്നതായുമാണ് സൂക്ഷ്മ പഠനം വ്യക്തമാക്കുന്നത്. ശാസ്ത്ര- സാങ്കേതിക മുന്നേറ്റത്തിന്റെ സഹസ്രാബ്ദങ്ങൾക്കിപ്പുറത്തും ഈ പ്രതിഭാസങ്ങൾ തടയാനും നിയന്ത്രിക്കാനും സാധിക്കാത്തത്ര വേഗതയിൽ അതിന്റെ താണ്ഡവം തുടരുന്നു. ഇവ സൃഷ്ടിക്കുന്ന ആഘാതവും ആധിയും വേദനയും അനിശ്ചിതത്വവും ഇന്ന് ലോകം അനുഭവിക്കുന്നു.

എല്ലാ നിയന്ത്രണങ്ങളും ഞങ്ങളുടെ കൈകളിൽ ഭദ്രമാണെന്ന് അഹങ്കരിക്കുകയും ആരെയും അടക്കിഭരിക്കാനുള്ള ശക്തിയും അധികാരവും ഉണ്ടെന്ന് ഗർജ്ജിക്കുകയും ചെയ്യുന്ന എല്ലാ ഏകാധിപതികളായ ഭരണാധികാരികളെയും നിശബ്ദമാക്കിക്കൊണ്ട് സൂക്ഷ്മ വൈറസ് കോവിഡ് 19, ക്രൂരതയും ധൂർത്തും തൻപ്രമാണിത്വവും കാണിക്കുന്ന മനുഷ്യസമൂഹത്തിന് വലിയ വെല്ലുവിളികൾ ഉയർത്തി നിസ്സഹായനാക്കിയിരിക്കുന്നു. മനുഷ്യൻ ഒന്നുമല്ലെന്ന് വീണ്ടും വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്ന വലിയ സത്യമാണ് ലോകത്ത് പുലർന്നുകൊണ്ടിരിക്കുന്നത്.

സ്വന്തം നാടുകളിലും അതു

പോലെ ലോകത്തിന്റെ നാനാഭാഗത്തും രോഗത്തിന്റെ പിടിയിൽ അകപ്പെട്ട് നരകയാതന അനുഭവിക്കുന്നവരുടെ ദയനീയ രംഗങ്ങൾ വാർത്തകളിൽ നിത്യവും നാം കാണുന്നു. ലോകത്തിന്റെ പല കോണുകളിലും പ്രവാസജീവിതം നയിക്കുന്നവരുടെ പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. ഭൂമിയിലെ എല്ലാ ഇടങ്ങളിലും എത്തിപ്പെട്ട് ജീവിത വഴിയിൽ ആശ്വാസം കണ്ടെത്തുന്ന മലയാളികൾ അല്ലെങ്കിൽ ഇന്ത്യക്കാർ ഈ കോറോണക്കാലത്ത് അഭിമുഖീകരിക്കുന്നത് വലിയ പ്രതിസന്ധിയാണ്. പ്രത്യേകിച്ച് മലയാളികൾ ഏറ്റവും കൂടുതൽ തൊഴിൽ തേടി എത്തിയിട്ടുള്ള ഗൾഫ് രാഷ്ട്രങ്ങളിലെ സ്ഥിതിഗതികൾ ഏറെ സങ്കടകരമാണ്. കോവിഡ് വ്യാപനം തുടങ്ങിയതോടെ യാത്രമാർഗ്ഗങ്ങൾ എല്ലാം ലോകത്ത് നിശ്ചലമായി. അതുപോലെ പൊതു ഇടങ്ങളിലെല്ലാം നിയന്ത്രണങ്ങൾ കൊണ്ട് അടക്കപ്പെട്ടു.

സ്വന്തം നാട്ടിലും വീട്ടിലും ആണെങ്കിൽ ഇത്തരം നിശ്ചലമായ അവസ്ഥ നേരിടാൻ പല വഴികളും ഉണ്ടെങ്കിലും വിദേശരാജ്യങ്ങളിൽ പൊതുവേ ജീവിതരീതികൾ വലിയ ഒറ്റപ്പെടലുകളിൽ തന്നെയാണ് അധികവും നീങ്ങുന്നത്. കമ്പനികളിലും മറ്റു വ്യവസായ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവർ ചെറിയ മുറികളിൽ അധികപേർ താമസിക്കേണ്ടിവരുന്നു എന്നതാണ് സ്ഥിതി. ഇത്തരം പകർച്ച വ്യാധികൾ വന്നാൽ തീർച്ചയായും 90% വരുന്ന പാവപ്പെട്ട പ്രവാസികൾ വലിയ വിഷമവൃത്തത്തിൽ പെടും. രോഗം പിടിപെട്ടാൽ പോലും മാറി താമസിക്കുക എന്നത് പ്രായോഗികമല്ല. അതുപോലെ കച്ചവടസ്ഥാപനങ്ങളും ഹോട്ടലും അടഞ്ഞാൽ വെള്ളം പോലും കിട്ടാത്ത സ്ഥിതിവിശേഷങ്ങൾ ഉണ്ടാകും. അത് തന്നെയാണ് ഗൾഫ് രാജ്യങ്ങളിൽ സംഭവിച്ചതും.

കോവിഡ് രോഗവ്യാപനത്തിന്റെ തുടക്കത്തിൽ വലിയ അനിശ്ചിതത്വം എല്ലാ മേഖലയിലും ഉണ്ടായി. ഭക്ഷണവും വെള്ളവും മരുന്നും കിട്ടാത്ത ഭീകരമായ ദുരവസ്ഥ നേരിട്ട പ്രവാസികൾ വഴികാണാതെ നട്ടം തിരിഞ്ഞു. ആശുപത്രികളിൽ പോലും കടുത്ത നിയന്ത്രണങ്ങൾ ഉള്ളതുകൊണ്ട് മുറികളിൽ നിന്നും പുറത്തിറങ്ങാൻ പോലും സാധിച്ചിരുന്നില്ല. ഈ പ്രതിസന്ധി ഘട്ടത്തിൽ ഏറ്റവും ഉണർന്ന് പ്രവർത്തിച്ചത് ഗൾഫ്നാടുകളിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളാണ്. ഏത് കാര്യങ്ങൾക്കും അംഗീകൃത സംഘടനകൾക്ക് മാത്രം സ്വതന്ത്രമായി പ്രവർത്തിക്കാൻ പറ്റുന്ന വിദേശത്ത് എല്ലാ ആപത് ഘട്ടങ്ങളിലും ജനസേവനരംഗത്തു തിളക്കമാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെച്ച കെ. എം. സി. സി. ചെറിയ തോതിൽ ആരംഭിച്ച സേവന പ്രവർത്തനത്തിന്റെ അടുക്കും ചിട്ടയും സേവന ചാതുര്യവും കണ്ട് യു. എ. ഇ. സർക്കാർ അവരുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനുള്ള വഴികൾ തുറന്നുകൊടുത്തു. ആദ്യമായി ഭക്ഷണവും മരുന്നും എത്തിച്ച് തുടങ്ങി. രോഗം വലിയതോതിൽ പടരുന്ന സാഹചര്യത്തിൽ സർക്കാരിന്റെ സഹകരണത്തോടെ ക്വാറന്റീൻ റൂമുകൾ ഒരുക്കു്കയും രോഗികളെ പരമാവധി സുരക്ഷിതമായി അവിടെ എത്തിച്ച്, കോവിഡ് വ്യാപനം തടയാൻ ഒരു പരിധിവരെ സാധിച്ചു. അതു പോലെ തന്നെ മരണം സംഭവിച്ചവരുടെ മൃതദേഹം സംസ്കരിക്കാനും കെ. എം. സി. സി. മുന്നിലുണ്ടായി.

രോഗവും പട്ടിണിയും അതുപോലെ തൊഴിൽ നഷ്ടവും സംഭവിച്ച

പ്രവാസികൾ സ്വന്തം രാജ്യത്ത് എത്തിപ്പെടാൻ വഴികാണാതെ മരുഭൂമിയിൽ മരണത്തെ മുന്നിൽ കണ്ടു കഴിഞ്ഞ നാളുകൾ. പ്രവാസികളുടെ നല്ല കാലത്ത് അവരുടെ സമ്പാദ്യങ്ങൾ രാജ്യപുരോഗതിക്ക് ഉപയോഗപ്പെടുത്തിയ സർക്കാറുകൾ നിസംഗത നടിച്ചു. ഗൾഫിൽ മരണപ്പെട്ട മൃതശരീരത്തോട് പോലും കാരുണ്യം കിട്ടിയില്ല.

ഡൽഹിയിൽ എത്തിയ ചില മൃതദേഹങ്ങൾ മടക്കി അയക്കുക വരെ ചെയ്തു, നമ്മുടെ സർക്കാർ. പ്രവാസികൾക്കുവേണ്ടി ശബ്ദിക്കാൻ അവർ മാത്രമാണെന്ന തിരിച്ചറിവ് മഹാദുരന്തകാലത്ത് തെളിഞ്ഞ ദുഃഖസത്യമാണ്. പല കോണുകളിൽ നിന്നും ജനശബ്ദവും പ്രതിഷേധവും ഉയർന്നപ്പോൾ ചെറിയൊരു പരിഹാരം എന്ന നിലയിൽ ഇന്ത്യൻ സർക്കാർ വന്ദേ ഭാരത് എന്ന പേരിൽ ചാർട്ടേഡ് വിമാനം ഏർപ്പെടുത്തി. പല രാജ്യങ്ങളും സ്വന്തമായി പൗരന്മാരെ സൗജന്യമായി നാട്ടിൽ എത്തിക്കുമ്പോൾ യുദ്ധക്കപ്പലിന് പോലും ചാർജ് ഏർപ്പെടുത്തി പ്രവാസിയോട് ക്രൂരത കാട്ടുകയായിരുന്നു നമ്മുടെ സർക്കാർ.

രോഗവും തൊഴിൽ നഷ്ടവും മൂലം വലയുന്നവരും, അതുപോലെ നിരവധി ഗർഭിണികളും നാട്ടിൽ എത്താൻ കഴിയാതെ ഇന്ത്യൻ കോൺസിലേറ്റിൽ അപേക്ഷ രജിസ്റ്റർ ചെയ്ത് നാളുകൾ എണ്ണി കഴിഞ്ഞു. അതിൽ ചിലർ മരണത്തിനും കീഴടങ്ങി. പ്രവാസിയുടെ നിസ്സഹായതയും വേദനയും സഹിക്കാൻ കഴിയാതെ കെ. എം. സി. സി. അവിടെയും ശക്തമായ ഇടപെടൽ നടത്തി. ബുദ്ധിമുട്ടുള്ളവരെ പെട്ടെന്ന് നാട്ടിൽ എത്തിക്കുവാൻ ചാർട്ടേഡ് വിമാനങ്ങൾ ഏർപ്പാടാക്കി. ഇത് പ്രവാസികളിൽ വലിയ പ്രതീക്ഷയാണ് ഉയർത്തിയത്.

എങ്ങനെയും നാട്ടിലെത്തി കുടുംബത്തിൽ ചേരുക, രോഗങ്ങളിലും കഷ്ടപ്പാടിലും നിന്നും രക്ഷപ്പെടുക എന്ന മോഹത്തിന് തിരിച്ചടികൾ നേടുന്ന ദുഃഖകരമായ പല സംഭവങ്ങളിലേക്കും പ്രവാസി സാക്ഷ്യം വഹിക്കേണ്ടി വന്നു. നാടിന്റെയും വീടിന്റെയും എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുകയും ഏത് ദുരന്തകാലത്തും സർക്കാരിനെയും നാടിനെയും കൈയ്യഴിഞ്ഞു സഹായിച്ച അവരോട് കടുത്ത നീതി നിഷേധമാണ് എല്ലാവരും കാണിച്ചത്. രോഗികൾ അല്ലാന്ന് തെളിഞ്ഞവരോടും ക്വാറന്റൈനിൽ പോകാൻ നിർദ്ദേശിച്ചവരോടും സ്വന്തം വീട്ടുകാരും നാട്ടുകാരും മുഖം തിരിക്കുന്ന ദയനീയ കാഴ്ചകൾ കാണുകയുണ്ടായി. പല വീട്ടുകാരും ഒഴികഴിവുകൾ പറഞ്ഞ് വീട്ടിൽ കയറ്റിയില്ല. അതുപോലെ കണ്ണൂരിൽ ഒരു ഫ്ളാറ്റിൽ ക്വാറന്റൈൻ സെന്റർ ഒരുക്കിയത് തടയാനും അവിടെ സംഘർഷം സൃഷ്ടിക്കാനും നാട്ടുകാർ തയ്യാറായി. കർണ്ണാടകയിൽ നേഴ്സായി ജോലി നോക്കിയിരുന്ന ഒരു യുവതിയെയും കുട്ടികളെയും സ്വന്തം വീട്ടിലും ഭർത്താവിന്റെ വീട്ടിലും കയറ്റാതെ സർക്കാർ സംരക്ഷണം ഒരുക്കേണ്ട ഗതികേടും ഉണ്ടായി. അതുഅപോലെ വാർദ്ധക്യം ബാധിച്ച ഒരു ഉമ്മ ഗൾഫിൽ നിന്നും കണ്ണൂർ എയർപോർട്ടിൽ എത്തുകയും നാട്ടിലെ മകനോട് വീട്ടിലേക്ക് കൊണ്ടുപോകാൻ കരഞ്ഞു പറഞ്ഞെങ്കിലും ആരും തിരിഞ്ഞു നോക്കാതെ അവർക്കും സർക്കാർ അഭയകേന്ദ്രത്തിൽ എത്തേണ്ടിവന്നു.

ഇതിൽ ഏറ്റവും വേദന തോന്നിയ സംഭവം പവിത്രൻ എന്ന പ്രവാസിയുടെ മരണവാർത്തയാണ്. കോഴിക്കോട് ജില്ലയിലെ ഒരു ഗ്രാമ

ത്തിൽ ജനിച്ചുവളർന്ന് ജീവിതം തേടി പ്രവാസം തുടങ്ങി. കോവിഡ് പടർന്ന തോടെ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ പോകാനുള്ള വഴികളും അടഞ്ഞ് ദുഃഖത്തിൽ കഴിയുമ്പോൾ ചാർട്ടേഡ് വിമാനത്തിൽ യാത്രയ്ക്കൊരുങ്ങി. നാട്ടിൽ മകന് എസ്. എസ്. എൽ. സി. പരീക്ഷയിൽ നല്ല മാർക്കുണ്ടെന്നു അറിഞ്ഞ് സമ്മാനങ്ങളുമായി നാട്ടിൽ എത്താൻ തിടുക്കപ്പെട്ട് എയർപോർട്ടിൽ എത്തി. എന്നാൽ കൊറോണ എന്ന ഭീകരന്റെ പിടിയിൽ അമർന്ന് അവിടെ മരിച്ചു വീണു. ആ കുടുംബത്തിന്റെ ദുഃഖം കുഞ്ഞുമക്കളുടെ നിലവിളി മനസ്സാക്ഷിയെ നടുക്കുന്നതാണ്.

കോവിഡ് 19 രോഗത്തിൽ വിദേശരാജ്യങ്ങളിൽ 300- ൽപരം മലയാളി സഹോദരങ്ങൾക്ക് ജീവൻ നഷ്ടപ്പെട്ടു. ഇതിൽ അധികവും സ്വന്തമായി വീടില്ലാത്തവരും അതുഅ പോലെ കുടുംബത്തിന്റെ ആശ്രയവുമാ യിരുന്നു. പ്രവാസകാലത്ത് നാടിന്റെ പുരോഗതിക്കും അതുപോലെ കുടുംബ ത്തിനും വേണ്ടി ജീവിതം ഹോമിച്ച ഇവരുടെ കുടുംബങ്ങളുടെ തുടർജീവി തത്തിന് വഴിയൊരുക്കാൻ നമ്മുടെ സർക്കാർ കടപ്പെട്ടിരിക്കുന്നു. ജനിച്ച നാട്ടിൽ തൊഴിൽ ഇല്ലാതെ വിദേശരാജ്യ ങ്ങളിൽ പോയി ജീവിച്ചു രാജ്യത്തിന് വിദേശനാണ്യ സമ്പത്ത് എത്തിക്കു കയും കേരളത്തിന്റെ ഇന്ന് കാണുന്ന എല്ലാ മേഖലകളിലെ പുരോഗതിക്കും വേണ്ടി പ്രവർത്തിച്ച പ്രവാസിയുടെ ദയനീയ സ്ഥിതി പൊതുസമൂഹവും മനസ്സിലാക്കി പ്രവർത്തിക്കണം.

ജീവകാരുണ്യപ്രവർത്തനരംഗത്ത് ശക്തമായ ഇടപെടൽ നടത്തുന്ന ഫി റോസ് കുന്നുംപറമ്പിൽ ശ്രദ്ധേയമായ ഒരു കാര്യമാണ് പ്രവാസികൾക്ക് വേണ്ടി തുടക്കം കുറിച്ചിരിക്കുന്നത്. കൊറോണമൂലം വിദേശത്ത് മരിച്ച മലയാളി കുടുംബങ്ങൾക്ക് ഒരുലക്ഷം രൂപ വീതം നൽകാനുള്ള തീരുമാനം. ഇത് തീർച്ചയായും പലരുടെയും കണ്ണ് തുറപ്പിക്കും എന്നതിൽ സംശയമില്ല. പാവപ്പെട്ട പ്രവാസികളുടെ കുടുംബ ത്തിന് തണൽ ഒരുക്കണം. മക്കളുടെ വിദ്യാഭ്യാസം, വീട്, അതുപോലെ ആശ്രിതർക്ക് തൊഴിൽ നടപ്പിൽ വന്നാ ൽ നമ്മൾ പ്രവാസികളോട് നീതി പുല ർത്തി എന്ന് സമാധാനിക്കാം. ■





വില : 120/-

## പാഞ്ചാലീ ശപഥം

മഹാകവി സുബ്രഹ്മണ്യ ഭാരതി

മഹാകവി സുബ്രഹ്മണ്യഭാരതിയുടെ പ്രതിഭാഖനിയിൽ നിന്ന് വിളഞ്ഞ് പാകമായ ഈ കാവ്യരത്നത്തെ അതിന്റെ ശോഭയ്ക്ക് തെല്ലും മങ്ങ ലേൽക്കാതെ മലയാളഭാഷയിലേക്ക് ശ്രീ. ഉള്ളൂർ എം. പരമേശ്വരൻ വിവർത്തനം ചെയ്ത കൃതി.



വിവർത്തകൻ
ഉള്ളൂർ. എം. പരമേശ്വരൻ

പ്രസാധകർ : കേരള ബുക്ക് ട്രസ്റ്റ്, കോഴിക്കോട്



കഥ

# വെള്ളപ്പൊക്കം

**കെ.എസ്. മിനി**

കമ്പിവേലിയും കുപ്പിച്ചില്ലുകൾ പതിച്ച മതിലും ചേർന്ന് സുരക്ഷിതമാക്കിയ ഇരുനില കൊട്ടാരംവീട്ടിൽ വിദേശത്തുള്ള മകന്റെ നിധികാക്കുന്ന ഭൂതമായിട്ട് ജീവിക്കുന്ന കുട്ടിയമ്മയുടെ ദൃഷ്ടിയിൽ ആദ്യം പതിഞ്ഞത് മഴമേഘങ്ങളാണ്. തുടർന്ന് ഇടിയും മിന്നലും അകമ്പടിയായി ടൈൽസ് പതിച്ച മുറ്റത്ത് മഴവെള്ളം ചറപറാന്ന് വീഴാൻ തുടങ്ങി. നിർത്താതെ പെയ്ത മഴ പെരുമഴയായി മാറിയ നേരത്ത് അയൽപക്കത്തുള്ളവർ ഇരുമ്പ് താഴിട്ട് അടച്ച ഗെയ്റ്റിനു മുന്നിൽ വന്ന് ഉച്ചത്തിൽ വിളിച്ചുകൂവി,

“കുട്ടിയമ്മേ, ഇറങ്ങിവാ, വെള്ളപ്പൊക്കം വരുന്നുണ്ട്”

കുട്ടിയമ്മയ്ക്ക് ചിരിവന്നു, കൊട്ടാരംവീട്ടിൽ കടന്നുവരാൻ വെള്ളത്തിന് ധൈര്യമുണ്ടോ?

“ഇവിടെയൊന്നും വെള്ളപ്പൊക്കം വരില്ല നിങ്ങൾ പോയ്ക്കോ”

കുട്ടിയമ്മ നോക്കിനിൽക്കെ ഒഴിഞ്ഞുപോയ അയൽക്കാരുടെ കൂരകളിൽ വെള്ളം കടന്നുപോകുന്നതും തുടർന്ന് നിലംപതിക്കുന്നതും കാണാനിടയായപ്പോൾ പെരുത്ത് സന്തോഷം വന്നു. പതുക്കെപതുക്കെ കുട്ടിയമ്മയുടെ മുറ്റത്തും വെള്ളം നിറയാൻ തുടങ്ങിയപ്പോൾ പോലീസ് വണ്ടിയിൽ ഏമാൻമാർ വന്ന് വണ്ടിയിൽ കയറാൻ പറഞ്ഞു.

കുട്ടിയമ്മ വിട്ടുകൊടുത്തില്ല,

“എന്റെയീ വീടുവിട്ട് ഞാനെങ്ങോട്ടുമില്ല, എല്ലാം ശരിയാവും,, എന്നെ ദൈവം രക്ഷിക്കും”

നിറയെ സാധനങ്ങളുള്ള ഇത്രേം വലിയ വീട്ടിൽ നിന്ന് ഇറങ്ങാനോ? അതിനുമാത്രം ഒരപകടവും ഇങ്ങോട്ടു കയറിവരില്ല. വീടുപേക്ഷിച്ച് അമ്മ

പോയെന്നറിഞ്ഞാൽ മകനെന്ത് വിചാരിക്കും,

മുറ്റം നിറയെ ഇരച്ചു കയറിയ വെള്ളം കുട്ടിയമ്മയോട് ചോദിക്കാതെ അകത്തേക്ക് പ്രവേശിച്ചു. മുട്ടോളം വെള്ളമായപ്പോൾ കുട്ടിയമ്മ വീട്ടുസാധനങ്ങളെല്ലാം രണ്ടാം നിലയിലേക്ക് കയറ്റാൻ തുടങ്ങി. ടി. വീ, മിക്സി, ഗ്യാസ് സിലിണ്ടർ, ഗ്യാസ് സ്റ്റൗവ്, കസേര, മേശ, അരി, പരിപ്പ്, പയർ, പച്ചക്കറി, സോപ്പ്, പൗഡർ, പലഹാരപ്പൊതികൾ, ഗ്ലാസ്, പ്ലെയ്റ്റ്, ബ്രഷ്, ഒടുവിൽ അലമാരയിലെ അനേകം വസ്ത്രക്കളോടൊപ്പം വീടിന്റെ ആധാരവും ആധാറും റേഷൻകാർഡും സ്യൂട്ട്കെയ്സും പണവും ആഭരണങ്ങളും മുകളിൽ എത്തിച്ചപ്പോൾ അവരാകെ നനഞ്ഞ് കുതിർന്ന് തളർന്നിരുന്നു. അതിവേഗത്തിൽ കുതിച്ചുപായുന്ന വെള്ളം വീടിന്റെ രണ്ടാം നിലയിലേക്ക് എത്തിനോക്കാൻ തുടങ്ങിയപ്പോഴാണ് വെളിയിൽ നിന്നും വിളി കേട്ടത്. മുകളിലെ വരാന്തയുടെ വാതിൽ തുറന്നപ്പോൾ വലിയൊരു വള്ളം നേരെ മുന്നിൽ, അതിലുള്ളവർ വിളിച്ചുകൂവി.

''നാടാകെ വെള്ളത്തിൽ മുങ്ങിയിരിക്കുകയാണ് വേഗം തോണിയിൽ കയറിയാട്ടെ''

''അയ്യോ, ഞാനെങ്ങോട്ടുമില്ല,, വെള്ളം കയറിയത് അതേപോലെ അങ്ങോട്ട് ഇറങ്ങിപ്പോകും''

''ഈ നാട്ടിലിപ്പോൾ ആരുമില്ല, എല്ലാവരും രക്ഷപ്പെട്ടു,, ഇനി നിങ്ങളെയുള്ളൂ,,''

''എന്നിട്ട്?,, അകത്തുള്ളതൊക്കെ അടിച്ചുമാറ്റാനല്ലേ, എന്റെ വീട് കളഞ്ഞിട്ട് ഞാനില്ല''

''വെള്ളം കയ്യറിയിട്ട് ഈ വീടൊക്കെ നശിക്കും, മുങ്ങുന്നതിനു മുൻപ് രക്ഷപ്പെട്ടോ''

''ഞാനില്ല''

കുട്ടിയമ്മ മുഖം തിരിച്ചതോടെ വള്ളം അകലേക്ക് തുഴഞ്ഞുപോയി. ആശ്വാസത്തോടെ കുട്ടിയമ്മ സാധനങ്ങൾ ഓരോന്നായി എടുത്തുവെക്കാൻ തുടങ്ങിയപ്പോൾ അവർക്ക് വിശപ്പും ദാഹവും കലശലായി. ഒപ്പം ജലനിരപ്പ് കൂടുന്നതായി അറിഞ്ഞെങ്കിലും വിശ്വാസം കളയാതെ ഓരോ ജോലികൾ ചെയ്തുകൊണ്ടിരുന്നു. അരയൊപ്പം വെള്ളമായപ്പോൾ വരാന്തയിലിറങ്ങിയ കുട്ടിയമ്മ ടെറസ്സിലേക്ക് കയറിയിട്ട് ചുറ്റുപാടും നോക്കി.

വെള്ളം വെള്ളം സർവ്വത്ര,, നാടാകെ വെള്ളം.

മാവിന്റെ മുകളിലും തെങ്ങിന്റെ മണ്ടയിലും കയറിയിറങ്ങിയ്ട്ട് വെള്ളം കുത്തിയൊഴുകുന്നു. അപ്പോഴാണ് അവരൊരു ഇരമ്പൽ കേട്ടത്,,

തലക്കുമുകളിൽ ഒരു ഹെലികോപ്റ്റർ. അതിൽ നിന്നും താഴേക്ക് നീളുന്ന കയറിലൂടെ ഒരാൾ ഇറങ്ങിവന്നിട്ട് കുട്ടിയമ്മയെ വിളിച്ചു,

''രക്ഷപ്പെടുത്താൻ വന്നതാണ്,, ഇതിലുള്ള കുരുക്കിലൂടെ മുകളിലേക്ക് കയറ്റാം''

''അയ്യോ, ഞാനില്ല,, എന്റെ വീട് ഒഴിവാക്കിയിട്ട് ഞാനെങ്ങോട്ടും ഇല്ല''

''അങ്ങിനെ പറഞ്ഞാൽ പറ്റില്ല, എല്ലാം വെള്ളത്തിലാണ്, പെട്ടെന്ന് കയറ്,,''

അയാൾ കുട്ടിയമ്മയുടെ കൈപിടിക്കാൻ മുന്നോട്ടു വന്നപ്പോൾ അവർ അകന്നുമാറിയിട്ട് പറഞ്ഞു,

''എന്നെയീ കുന്ത്രാണ്ടത്തിൽ കയറ്റാൻ നോക്കിയാൽ ഞാനിപ്പോൾ തന്നെ വെള്ളത്തിൽ ചാടും''

മറുപടി കേട്ടപ്പോൾ കയറിലൂടെ ഇറങ്ങിയവർ അതേപടി മുകളിലേക്ക് ഉയർന്നു. കുട്ടിയമ്മ വെള്ളം താഴാനും

സൂര്യനുദിക്കാനും വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ വെള്ളം വീണ്ടും ഉയർന്നുയർന്ന് ക്രമേണ അവരുടെ ബോധം നശിക്കാൻ തുടങ്ങി.

ആരുടെയോ ഉച്ചത്തിലുള്ള വിളി കേട്ട് കുട്ടിയമ്മ ഉണർന്നു. ചുറ്റും നോക്കിയപ്പോൾ നല്ല വെളിച്ചം,, കാറ്റില്ല, മഴയില്ല, വെള്ളമില്ല.

അവർ സന്തോഷത്തോടെ ചോദിച്ചു,

ആരാണെന്നെ വിളിക്കുന്നത്?

''കാലൻ''

''കാലനോ? അതെങ്ങനെ?''

''നിങ്ങളെ ദൈവസന്നിദ്ധിയിൽ എത്തിക്കാൻ വന്നതാണ്,, ഇതാ ദൈവത്തിന്റെ ഇടം വാതിൽ തുറന്നിരിക്കുന്നു,, നേരെയങ്ങോട്ട് പോവുക''

''ഇത്ര വേഗത്തിലോ?''

''ഇവിടെയെല്ലാം പ്രകാശവേഗത്തിലാണ്, പോയ്ക്കോ,, നരകവും സ്വർഗ്ഗവുമൊക്കെ അവിടെന്ന് കല്പിക്കും''

തുറന്ന വാതിലിലൂടെ അകത്തു കടന്ന കുട്ടിയമ്മ ഇരുകൈകളും കൂപ്പിയിട്ട് ദൈവത്തോട് ചോദിച്ചു,

''കരുണാമയനായ ദൈവമേ, വെള്ളപ്പൊക്കം ഉണ്ടായപ്പോൾ അങ്ങെന്തുകൊണ്ടാണ് എന്നെ രക്ഷപ്പെടുത്താൻ വരാഞ്ഞത്?''

''രക്ഷപ്പെടുത്താൻ വന്നില്ലെന്നോ?''

''ജീവിച്ച് കൊതിതീരും മുൻപെ,, മനോഹരമായ ഭൂമിയും വീടും ഉപേക്ഷിച്ച് എന്നെയിങ്ങോട്ട് കൊണ്ടു വരണോ? രക്ഷിക്കാമായിരുന്നില്ലെ?''

''നിന്നെ രക്ഷിക്കാൻ പലതവണ ഞാൻ വന്നല്ലോ, അപ്പോഴൊന്നും നീ വന്നില്ല''

''എന്നിട്ട്? ഞാനൊരിക്കലും അങ്ങയെ കണ്ടില്ലല്ലൊ''

''ഹേ സ്ത്രീയേ, ആദ്യമായി അയൽക്കാരുടെ രൂപത്തിൽ നിന്നെ രക്ഷപ്പെടുത്താൻ വന്നു,,

നീ വീട്ടിൽ നിന്നും ഇറങ്ങിയില്ല.

ഒടുവിൽ നീ പുരപ്പുറത്തിരിക്കുമ്പോൾ ആകാശത്തുനിന്നും കയറിൽ തൂങ്ങിയിട്ട് രക്ഷിക്കാൻ വന്നു,,

അപ്പോഴും സഹായം നിരസിച്ചു നിന്നെ പരലോകത്തേക്ക് കൊണ്ടുവന്നു. ഇനിയിപ്പോൾ നരകത്തിലെ തീയിലിട്ട് ഫ്രൈ ആവാം

പെട്ടെന്നുതന്നെ ആരെക്കെയോ ചേർന്ന് കുട്ടിയമ്മയുടെ കൈകളും കാലുകളും ഒരേ ചരടുകൊണ്ട് ചുരുട്ടികെട്ടിയിട്ട് ഒരൊറ്റ ഏറ്. നേരെപോയി വീണത് ആളിക്കത്തുന്ന തീജ്വാലക്കുള്ളിൽ, അതോടെ ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി,

''ഊയൻന്റപ്പാ എന്നെക്കൊല്ലുന്നേ''

പെട്ടെന്ന് കണ്ണുതുറന്നപ്പോൾ ചുറ്റുപാടും നിന്ന് പുഞ്ചിരിക്കുന്ന വെളുത്ത മാലാഖമാർ,, ഇതേതാ സ്ഥലം? നരകത്തിൽ ഇങ്ങനെയുള്ളവരും ഉണ്ടോ? കൂട്ടത്തിലൊരു മാലാഖ ചോദിച്ചു,

അമ്മയെന്തിനാ കരയുന്നത്? വെള്ളം കയറിയ പുരപ്പുറത്ത് ബോധമില്ലാതെ കിടക്കുന്ന അമ്മയെ പെട്ടെന്ന് കണ്ടതുകൊണ്ട് ഏതായാലും രക്ഷപ്പെട്ടു

''നിങ്ങള് നരകത്തിലെ ആളല്ലേ?''

''ഇത് നരകമൊന്നുമല്ല,, സർക്കാർ ആശുപത്രിയാണ്. ഇപ്പോൾ സ്വർഗ്ഗമാണെന്ന് പറയാം.''

''അപ്പോൾ ദൈവം വന്നത്,''

''വന്നത് മനുഷ്യർ തന്നെയാണ്,, വേണമെങ്കിൽ അവരെ ദൈവമെന്ന് വിളിച്ചോ''

''അയ്യോ, അന്റെ വീട്''

''വീടോ? അവിടെയിപ്പോൾ നാട് തന്നെ ഇല്ലാതായി. അപ്പോഴാ അമ്മയുടെ വീട്''

''ഇനി വീടൊന്നും വേണ്ടാ,, അനക്ക് ജീവിച്ചാൽ മതിയേ'' ■

കഥ

# ജ്യോതിർഗ്ഗമയ

ഷാജികുമാർ. എ.പി

കനത്ത ഇരുട്ടായിരുന്നു ചുറ്റും..

ചെറിയ മഴപ്പാറ്റലും കൊണ്ട് വാസു ഇരുട്ടിലൂടെയുള്ള ഇടവഴിയിലൂടെ നടന്നു....

മുത്തശ്ശി പറഞ്ഞു തന്ന പ്രേതകഥകൾ അയാളുടെ മനസ്സിലുണ്ടായിരുന്നു....

പേടി തന്റെ കൂടപ്പിറപ്പാണല്ലോ......

കാടിനെ പേടിയില്ല....

മൃഗങ്ങളെ പേടിയില്ല.....

മനുഷ്യനെ പേടിയില്ല....

പാമ്പിനെയും പേടിയില്ല......

പിന്നെ പേടിയുള്ളത് പ്രേതത്തെ മാത്രം..... അതെ... നേരിട്ട് കാണാത്ത.... അറിയാത്ത പ്രേതത്തെ...

മുത്തശ്ശി പല കഥകളിലൂടെ തന്റെ മനസ്സിലേക്കാവാഹിച്ച പ്രേതത്തെ മാത്രം. വാസു

ശ്വാസമടക്കി മുന്നോട്ടു നടന്നു..

മൊബൈൽ ഫോണിൽ ചാർജ്ജില്ലാത്തതിനാൽ വെട്ടത്തിന് വേറെ വഴി തേടേണ്ടി വരും.....

"ആരാ....എങ്ങടാ?"

ഇരുട്ടിൽ ഒരു രൂപം.... കരിമ്പടം പുതച്ച്....

"നന്ദൂന്റെ വീട്ടിലേക്കാ..." വാസു സ്വല്പം കിതച്ചുകൊണ്ട് പറഞ്ഞു...

"ഏത് നന്ദു" അയാൾ വിടാനുള്ള മട്ടില്ല...

"കോഴിക്കോട് ജോലിയുള്ള..."

"ഓ നമ്മുടെ കുഞ്ഞൻ...." വാസു മുഴുമിപ്പിക്കുന്നതിന് മുൻപ് അയാൾ പറഞ്ഞു....

"നമ്മടെ റായുട്ട്യേട്ടന്റെ മോൻ..."

"ഓൻ ഇപ്പൊ ഇവിഡ്യുണ്ടോ?" അയാൾ ആത്മഗതമെന്നോണം ചോദിച്ചു...

"കുറച്ചു ദിവസായി ഓൻ ജോലിക്ക് വന്നിട്ട്..... വിവരമന്വേഷിക്കാൻ വന്നതാ.... വാസു മറുപടി നൽകി..."

"ഓ..... വഴിയറിയൂലെ.... ശ്രദ്ധിക്കണം... ഇഴയുന്നതുണ്ടാവേ... പിന്നെ.... ഈ വഴിയിലൂടെ ചില എതിർപോക്കുകളൊക്കെയുണ്ടേ... ശ്രദ്ധിക്കണം.... ഞാനിതു വഴി ഇങ്ങോട്ടാ..." അയാൾ വാസുവിന്റെ മനസ്സിലെ ഹോമകുണ്ഡത്തിൽ അല്പം ഹവിസ്സൊഴിച്ചു വേറെ വഴിയിലൂടെ ഇറങ്ങി അലിഞ്ഞലിഞ്ഞില്ലാതായി....

ഇനി വീണ്ടും താനൊറ്റയ്ക്ക്....

ഈ വഴിയിലെ ഇരുട്ടിൽ... ദീർഘനിശ്വാസത്തോടെ വാസു നടക്കാൻ തുടങ്ങി...

പെട്ടെന്നൊരു പ്രകാശം....

നെഞ്ചിൽ വാസുപോലുമറിയാതെ പെരുമ്പറ മുഴങ്ങാൻ തുടങ്ങി...

തീ തുപ്പുന്ന യക്ഷിയാണോ... അമ്മോ...

മുത്തശ്ശി... ആ കഥകൾ എന്നോട് വേണ്ടായിരുന്നു..... വാസു മനസ്സിൽ മുത്തശ്ശിയെ പ്രാകി

ആ വെളിച്ചം പതുക്കെ ഒഴുകിയൊഴുകി അടുത്തെത്തി...

ഹോ... ദൈവമേ.... അതൊരു മിന്നാമിനുങ്ങായിരുന്നു...

ഇരുട്ടിൽ ആ കുഞ്ഞുവെളിച്ചം സൂര്യവെളിച്ചമായി വാസുവിന് അനുഭവപ്പെട്ടു. ഇപ്പോൾ വഴി ശരിക്കും കാണാം... മിന്നാമിനുങ്ങിനും താൻ പോവുന്ന വഴിയാണ് പോകേണ്ടതെന്ന് തോന്നുന്നു....

തനിക്ക് വഴികാട്ടിയായി അവർ മുൻപേ പറന്നു....

കുറച്ചു ദൂരെ നിന്നേ പുറത്തൊരു കസേരയിട്ട് നന്ദു ഇരിക്കുന്നത് വാസു കാണുന്നുണ്ടായിരുന്നു....

റാന്തലിന്റെ വെളിച്ചത്തിൽ അച്ഛന് കഞ്ഞി കൊടുക്കുന്ന അവന്റെ ഭാര്യയെയും....

''എടാ നീയനന്താ ഇവിടെ?'' വാസുവിനെ കണ്ടു അവൻ അടുത്തേക്ക് വന്നു.

''എന്ത് പറ്റി... നിന്നെ കുറച്ചു ദിവസമായി ഓഫീസിലേക്ക് കാണുന്നില്ല... വിളിച്ചിട്ടും കിട്ടുന്നില്ല.''

വാസു അവനെ നോക്കി...

നന്ദു തിരിഞ്ഞ് ഭാര്യയോടായി പറഞ്ഞു.. ''നീ പോയി ചായ വയ്ക്ക്''

എന്നിട്ട് അൽപനേരം നിശ്ശബ്ദനായിരുന്നു..... എന്നിട്ട് പതുക്കെ പറഞ്ഞു

''എടാ അച്ഛന് സുഖമില്ല....''

''ങ്ങും... എന്ത് പറ്റി.''

വാസു ചോദ്യഭാവത്തിൽ അവനെ നോക്കി...

''കുറച്ചു ദിവസം മുൻപ് ബാങ്കിൽ നിന്ന് നോട്ടീസ് വന്നിരുന്നു.... അത് കണ്ടതിൽ പിന്ന്യാ.'' അവന്റെ കണ്ണ് നിറഞ്ഞിരുന്നു....

''ഇനി മൂന്നു ദിവസം കൂടി... ഇവരെയും കൊണ്ട് എവിടെ പോകും എന്ന ചിന്തയിലാ ഞാൻ...'' അവൻ കണ്ണ് ആരും കാണാതെ തുടയ്ക്കാൻ ശ്രമിച്ചു....

''മൂപ്പര്ണ്ടാക്ക്യ വീട്.... ഞാൻ കാരണം.... അവൻ ഒന്ന് നിശ്വസിച്ചു...''

''എത്ര രൂപേടെ കടാ വാസു വെറുതെ ചോദിച്ചു...''

''അഞ്ചു ലക്ഷം.''

അവന്റെ ഭാര്യ തന്ന പഞ്ചാരയും പാലുമില്ലാത്ത ചായ കുടിക്കുമ്പോൾ വാസുവോർത്തത് നന്ദുവിനെ കണ്ട ദിവസം മുതലുള്ള സ്നേഹക്കാഴ്ചകളാണ്.... ചെറിയ സൗഹൃദത്തിൽ തുടങ്ങി ദൃഢമായ ബന്ധം.... അവൻ തന്റെ വെറും സുഹൃത്തല്ല..... അതിനുമപ്പുറം എന്തോ....

തനിക്കും വീടുപണിയുണ്ട്.... കയ്യിൽ കരുതി വച്ച തുകയുമുണ്ട്......

ഒരു വീട് ഇവിടെ നിലം പൊത്തിയിട്ട് അവിടെ പുതിയൊരു വീട് പണിഞ്ഞിട്ടെന്ത് നേടാൻ?

''നീ പേടിക്കേണ്ട... നിന്റെ വീട് പോവില്ല.... എന്റെ വീട് പണി രണ്ടു വർഷം കഴിഞ്ഞായാലും കുഴപ്പമില്ല.... നീ കുറേശ്ശേ അടച്ചു തീർത്താൽ മതി.....'' അമ്പരന്ന് നിന്ന് നന്ദുവിന്റെ കൈ വാസു മുറുകെ പിടിച്ചിരുന്നു.

അൽപനേരം കഴിഞ്ഞു വാസു അവിടെ നിന്നിറങ്ങി.... എന്തോ ഒരു ആനന്ദം അയാളനുഭവിക്കുന്നുണ്ടായിരുന്നു.... അപ്പോഴും അയാളെ കാത്തു ആ മിന്നാമിന്നിയുണ്ടായിരുന്നു..... അയാളുടെ മനസ്സിൽ ചെറിയ വെട്ടം നിറച്ച ആ മിന്നാമിന്നി..... ■

Poem

# Metanoia



Arya Sadasivan K.P

Looking at the mirror,
long I stood
Feeling a strong reflection of me
and what I am, leaving my soul chaotic
What have I done all these years?
My mind dazed

I disguised myself
I rejected it 'cause,
I loathe the way it judged me
Stars peeped into the cold blood of darkness
A flurry of thoughts pierced into my consciousness
I caught my solivagant spirit
Took it out of the latibule
Transfigured it into something  I wanted

I need to change
At times it appeared difficult
Hold on lady,
I told to myself
One sunrise will make you realize
You are the person
you dreamed of

Trust
Mould
Disenthrall. ■



കവിത

# നീയിടങ്ങളിൽ മാത്രമുള്ള ഞാനിടങ്ങൾ

സാവി നന്ദൻ കക്കട്ടിൽ



സ്നേഹം ഒരു മയിൽപീലിപോലെ
നെഞ്ചിൽ ചേർത്തുവച്ച്
നിനക്കുമുന്നിൽ ഞാനൊരു
വഴക്കാളിയാവുന്നു
വഴക്കുകൾക്കൊടുവിൽ
വിരൽച്ചുംബനത്തിലൊരു
മുയൽക്കുഞ്ഞായി പതുങ്ങുന്നു

കുഞ്ഞുപരിഭവങ്ങൾ
വലിയവാശികളാക്കി നിന്നെ
ചൊടിപ്പിക്കുന്നു
ചെന്തീക്കനൽപോൽ നീ
ജ്വലിക്കുമ്പോൾ
ചെന്തെങ്ങിലെ
ഇളംകരിക്കുപോൽ
ഞാനതാസ്വദിക്കുന്നു

കുന്നിമണികളും
കുപ്പിവളപ്പൊട്ടുകളും
നിനക്കുമുന്നിൽ
കളിയാക്കലുകളിൽ ഒരു
കിളിക്കൊഞ്ചലായ് കിലുങ്ങുന്നു.

ഹൃദയത്തിൽ തോരാത്തൊരു
പെരുമഴക്കാലം
തിമിർക്കുമ്പോൾ
നിന്റെ നെഞ്ചിൽ ഞാനൊരു
പ്രളയമായ് പെയ്യുന്നു

നെഞ്ചിൽ ഗുൽമോഹർച്ചോപ്പു
തിളയ്ക്കുമ്പോൾ
വസന്തമേ
നിന്നാലിംഗനം
കൊതിക്കുന്നൊരു
പൂമരമാകുന്നു ഞാൻ
ഞാൻ
ഞാനായി മാറുന്ന ചില
നീയിടങ്ങൾ

കവിത

# ജോക്കർ


കുട്ടിമാമൻ

എല്ലാം ഉള്ളിലൊതുക്കി
ചിരി പരത്തുന്നവൻ
ജോക്കർ
മുഖംമൂടിക്കുള്ളിലെ
ദീനമുഖം അവന് മാത്രം
കാണുന്നവർക്ക്
രസികൻ
നിഷ്കളങ്കൻ
അതിനാൽ
ഞാനും ഒരു
ജോക്കർ



# കൊറോണ

ബീഗം ഷെറീന അഷ്റഫ്



നേരം പുലർന്നിട്ടും ആരും എണീക്കുന്നില്ല വാഹനങ്ങളുടെ ഒച്ചപ്പാടില്ല

റോഡും പരിസരവും എല്ലാം വിജനം. എവിടെയും ആൾക്കൂട്ടങ്ങളില്ല. കൂക്കുവിളികളില്ല. എന്തിന്, കാക്കകളുടെ കരച്ചിലു പോലും കേൾക്കുന്നില്ല. വീടുകളുടെ അകത്തളങ്ങളിലും കുട്ടികളുടെ പിഞ്ചു വായിലും എല്ലാം ഒരേ അടക്കം പറച്ചിൽ മാത്രം ‘കൊറോണ.’

ഉമ്മറക്കോലായിൽ രാവിലെ തന്നെ അമ്മ വളരെ ഗംഭീരമായി ദിനപത്രം ചവച്ചിറക്കുന്നു. ഇടയ്ക്കിടെ വാർത്തകളുടെ കാഠിന്യം കൊണ്ടാവാം പടയിൽ വെച്ചിരിക്കുന്ന കട്ടൻകാപ്പി കുടിക്കുന്നത്. ഇതൊന്നും പതിവില്ലാത്തതാണ്. കൊറോണ വന്നതുമുതലാണീ മാറ്റങ്ങൾ. നിറവയറും താങ്ങി അമ്മയുടെ അടുത്ത് പോയിരുന്നിട്ടും അമ്മ എന്നെ ഗൗനിച്ചതേയില്ല. എന്നേക്കാൾ വലുതാണ് അമ്മയ്ക്കിപ്പം കൊറോണ...

“ഇന്ന് തിന്നാനൊന്നും ഇല്ല്യേമ്മേ?” ദേഷ്യം പിടിച്ച എന്റെ ചോദ്യം കേട്ടിട്ട് പ്രത്യേകിച്ച് ഒരു ഭാവവ്യത്യാസവും അമ്മയുടെ മുഖത്തുണ്ടായില്ല. “മേശപ്പുറത്ത് മൂടി വെച്ചിരുക്കുന്നത് കണ്ടില്ലേ അമ്മുട്ടിയേ? നീ എടുത്ത് കഴിക്ക്. ഞാനിതൊന്ന് വായിച്ചോട്ടെ.”

“ഓ, പിന്നെ! ഇത് വായിച്ചിട്ട് അമ്മ നാളെ എം.ബി.എ എഴുതാൻ പോവ്വല്ലേ.” പത്രം ചുരുട്ടിക്കൂട്ടി അമ്മയേയും കൂട്ടി പ്രാതൽ കഴിക്കാൻ ഇരുന്നു.

പഞ്ഞി പോലുള്ള ഇഡ്ഡലി സാമ്പാറിൽ കുതിർത്ത് കഴിക്കുന്നതിനിടയിലും അമ്മയുടെ വക കേരളത്തിൽ കൊറോണക്കാരുടെ എണ്ണവും ഇറ്റലിയിലെ അവസ്ഥയും അങ്ങനെ തുടങ്ങി... ഇഡ്ഡലിയിൽ കല്ല് കടിച്ചതു പോലെ തോന്നിയെനിക്ക്.

കുളി കഴിഞ്ഞ് കണ്ണാടിക്ക് മുന്നിൽ തന്റെ വയറിന്റെ വലിപ്പവും ഭംഗിയും ഉണ്ണിക്കുട്ടിന്റെ ചവിട്ടലു ആസ്വദിച്ച് നിന്നപ്പോളാണ് പറമ്പിൽ നിന്നും അച്ഛൻ ഉമ്മറത്തെത്തിയത്.

കിണ്ടിയിലെ വെള്ളമൊഴിച്ച് കാലു കഴുകി കൊണ്ട് അച്ഛൻ അമ്മയെ വിളിക്കുന്നതു കേട്ടു. “വിലാസിനിയേ...

കുറച്ച് സംഭാരങ്ങട്ടെടുത്തോളൂ..." അച്ഛന്റെ വിളിക്ക് കാത്ത് നിൽക്കാതെ അപ്പോഴേക്കും സംഭാരവുമായി അമ്മ ഉമ്മറത്തെത്തിയിരുന്നു.

"കുട്ടീന്റ്ച്ഛാ, (അച്ഛനെ അമ്മ അങ്ങനെയാണ് വിളിച്ചിരുന്നത്) കവല യിൽ ആളനക്കവുമുണ്ടോ? വണ്ടികൾ ഓടുന്നുണ്ടോ? എന്താ ചെയ്യന്റെ കുട്ടി യെ കഷ്ടപ്പെടുത്തല്ലെന്റെ ഗുരുവായൂ രപ്പാ..."

മൂന്ന് വർഷത്തെ കാത്തിരി പ്പിന് ശേഷം ഉണ്ടായതാണ്. ഒമ്പതു തുടങ്ങി... മാർച്ച് 19 നാണ് ഡേറ്റ് തന്നത്. ഇതുവരെ വലിയ കുഴപ്പങ്ങളൊന്നുമി ല്ലാത്തതിനാൽ ഡേറ്റ് അടുപ്പിച്ച് വന്നാൽ മതിയെന്നായിരുന്നു നിർദ്ദേശം. ഡേറ്റിന് ഇനി ഒരാഴ്ച മാത്രം. ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് എനിക്കും നല്ല ടെൻഷൻ ഉണ്ട്. "ഒക്കെ സമയത്തിന് ഭംഗിയായി നടക്കും എന്റെ അമ്മൂ..." എന്നുള്ള ദീപുവേട്ടന്റെ വാക്കുകൾ എന്റെ ശരീരത്തിനും മനസിനും വളരെ പ്രതീക്ഷ തരുന്നതായിരുന്നു.

ഗവൺമെന്റ് ലോക്ഡൗൺ പ്രഖ്യാപിച്ചിരുക്കുന്നു. വാഹനങ്ങളില്ല, ആളുകഅളില്ല, എല്ലാവരുടേയും മുഖ ത്ത് ഭയവും ആശങ്കയും മാത്രം. "വയർ താണിരിക്കുന്നു. മുഖം വിളറിയിട്ടു ണ്ടല്ലോ, അമ്മുട്ടിയേ. ഒച്ചയും അനക്ക വുമില്ലേ?" മുത്തശ്ശിയുടെ ചോദ്യം അമ്മ യിലും ഭയമുണ്ടാക്കി. കൂട്ടുകാരന്റെ വണ്ടിയിൽ പോലീസുകാരന്റെ കണ്ണ്

(തുടർച്ച പേജ് 27)

കവിത

# ആകാശം

ലതാ സദാശിവൻ



ഓരോ തുടിപ്പിലും നാടായിരുന്നു
വീട്ടിലെയോർമ്മകളായി പിന്നെ
മാനവകുലനാശത്തിനായ് വന്ന
കോവിഡിൻ വലയമറുത്തുമാറ്റി
ജേതാക്കൾ കണക്കെയവരിരുന്നു.
ഭാവിതൻ മുകുളങ്ങൾ പത്തുണ്ടതിൽ
അന്നത്തിനായി പോയവരും
വിങ്ങലും വിതുമ്പലുമാധിയുമായ്
ദൈവത്തിൻ നാട്ടിലേയ്ക്കവരൊരുങ്ങി
ആകാശമാർഗ്ഗം താണ്ടിയെത്തി
നാടിൻ നന്മ പുണരുവാനായ്
ആരോ ചെയ്തൊരു പാപംപോലെ
മാരിയായ് വന്നൂ കാലനപ്പോൾ!
മാരണമായ് വന്ന മരണമന്നേരം
സംഹാര താണ്ഡവമാടുകയായ്!
കണ്ണീർച്ചാലായ് മാരിപിന്നെ
സന്താപക്കടലാഴം ഹൃദയങ്ങളിൽ
ആർത്തരായ് പിന്നെയാ ജീവനുകൾ
ഇമവെട്ടും നേരമേ മതി വന്നുള്ളൂ
ആശയറ്റെല്ലാം പൊലിഞ്ഞു പോവാൻ...




കേരള ബുക്ക് ട്രസ്റ്റ് രണ്ടു കവർ ചിത്രങ്ങളിൽ പ്രസിദ്ധീകരിച്ച മുണ്ട്യാടി ദാമോദരന്റെ വിതകവിത എന്ന കവിതാസമാഹാരം ശ്രീ. പോൾ കല്ലാനോട് ശ്രീ. കോയ മുഹമ്മദിന് കോപ്പികൾ നൽകി പ്രകാശിപ്പിക്കുന്നു. കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം ഹാളിൽ വെച്ച് നടന്ന പരിപാടിയിൽ അജിത മാധവ്, മമ്മുമാസ്റ്റർ, ടി.വി. ബാലൻ, ഡോ.ദിനേശൻ കരിപ്പള്ളി, കവി മുണ്ട്യാടി ദാമോദരൻ, പി.എൽ. ശ്രീധരൻ, കാളിയാനം ശൈലജ തുടങ്ങിയവർ.

വെട്ടിച്ച് സന്ധ്യയോടെ ദീപുവേട്ടൻ എത്തി. ഏട്ടനെ കണ്ടതും എനിക്ക് അതുവരെയുണ്ടായിരുന്ന ക്ഷീണത്തിനും തളർച്ചയ്ക്കും ശമനം കണ്ടു. രാത്രി കിടക്കുവോളം അമ്മ വാതിൽക്കൽ വരെ വന്നു നോക്കുന്നുണ്ടായിരുന്നു. "എനിക്ക് കുഴപ്പമൊന്നുമില്ലമ്മേ... എന്തെങ്കിലും ഉണ്ടെങ്കിൽ വിളിക്കാം.... അമ്മ പോയിക്കിടന്നോളൂ!" മനസ്സില്ലാ മനസ്സോടെ അമ്മ കിടക്കാൻ പോയി.


ഉണ്ണിക്കുട്ടൻ വല്ലാതെ വികൃതി തുടങ്ങിയിരിക്കുന്നു. ഇനി കിടക്കാൻ സ്ഥലം മതിയാവാണ്ടായിട്ടുണ്ടോ? എവിടെ നിന്നോ ചെറിയ കടച്ചിൽ പോലെ... നടുവേദനയാണോ...? അല്ല... തിരിഞ്ഞും മറിഞ്ഞും കിടന്നുനോക്കി വല്ലാതെ ശ്വാസം മുട്ടുന്നുണ്ടോന്നൊരു സംശയം. പതുക്കെ എഴുന്നേറ്റു നടന്നു. "എന്തേ അമ്മു... എന്തെങ്കിലും അസ്വസ്ഥതയുണ്ടോ?"

പിന്നെ എല്ലാം പെട്ടെന്നായിരുന്നു. ദീപുവേട്ടൻ ആരെക്കെയോ മാറിമാറി ഫോൺ ചെയ്യുന്നു. അമ്മ ഇടയ്ക്കിടെ ചൂടുവെള്ളം തരുന്നുണ്ട്. ബാസ്ക്കറ്റും തുണിയും ഒക്കെ ഉമ്മറത്തിരിപ്പുണ്ട്. മുത്തശ്ശി മുപ്പതുമുക്കോടി ദൈവങ്ങളെയും വിളിക്കുന്നുണ്ട്. അച്ഛൻ മുറ്റം മുഴുവനും അങ്ങോട്ടുമിങ്ങോട്ടും അളക്കുന്ന പോലെ തോന്നി.

സഹിക്കാൻ കഴിയുന്നില്ല.... ഇരിക്കാൻ... കിടക്കാൻ... ഇതുവരെ പിടിച്ചു നിന്നു. അറിയാതെ ഒച്ച പൊന്തി. കരച്ചിൽ നിലവിളിയായി. അപ്പോഴേക്കും അച്ഛൻ റോഡിലേക്കോടിയിരുന്നു. കൊറോണയോടുള്ള എന്റെ പേടി ദേഷ്യമായി മാറി. രാത്രിയുടെ അന്ത്യയാമം കഴിഞ്ഞു. പിന്നെ ഒന്നും ഓർമ്മയുണ്ടായിരുന്നില്ല.

കണ്ണുതുറന്നപ്പോൾ ലേബർ റൂമിൽ കണ്ണുകൾ മാത്രം പുറത്തേക്ക് കാണുന്ന തരത്തിൽ വസ്ത്രങ്ങൾ ധരിച്ച ഡോക്ടർമാർക്ക് ചുറ്റുമായിരുന്നു. തൊട്ടടുത്ത് കണ്ണ്പോലും തുറക്കാതെ കരയുന്ന എന്റെ ഉണ്ണിയും അവന്റെ കരച്ചിലിനും ഒരേ ശബ്ദമായിരുന്നു..... കൊറോണ... ■

നവാഗതരായ എഴുത്തുകാർക്ക് കെ.ബി.ടിയുടെ Dream Realization Packageലൂടെ പുസ്തകങ്ങൾ ഇറക്കാൻ സുവർണ്ണാവസരം. വിൽപന മുഴുവൻ കെ.ബി.ടി. നേരിട്ട് ചെയ്യുന്നു.



KBT

Novel
Stories
Poems
Essays
Travelogue
Childrens Literature
Academic Books etc.....

സന്ദർശിക്കുക...
www.keralabooktrust.com
www.keralabooktrust.org



KERALA BOOK TRUST

Regd. Office : 28/3486, Suraj Building, Nellikode Post,
Kozhikode - 673 016
Ph : 0495-2740524,2304515, 9349574621, 8113067791

Website : www.keralabooktrust.com, E-mail : keralabooktrust@gmail.com